# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2019 നവംബർ 6, ബുധൻ

**നമ്പർ 189**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു

ചോദ്യങ്ങൾ:

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്ന് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അതിന് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

ഇടുക്കി ജില്ലയിൽ നിർമ്മാണപ്രവർത്തനങ്ങൾ നിയന്ത്രിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. പി. ജെ. ജോസഫും മറ്റ് മൂന്ന് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

ശ്രദ്ധ ക്ഷണിക്കൽ:

(1) ചെങ്ങന്നൂർ നഗരത്തെ ശബരിമല തീർത്ഥാടനകവാടമായി പ്രഖ്യാപിച്ച് അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സജി ചെറിയാൻ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) സംസ്ഥാനത്ത് കുട്ടികൾക്കെതിരെ വർദ്ധിച്ചുവരുന്നതായി പറയപ്പെടുന്ന അതിക്രമങ്ങൾ തടയുന്നതിനും പോക്സോ കേസ്സുകൾ സത്വരമായി തീർപ്പാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. എം. ഉമ്മർ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 1300/2019(i).

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | മലയരയന്മാരുടെ കൈവശഭൂമിയുടെ പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ബി. ഡി. ദേവസ്സി | കൊരട്ടിയിലെ ഗവ. ഓഫ് ഇന്ത്യ പ്രസ്സ് | മുഖ്യമന്ത്രി |
| 3 | ശ്രീ. സണ്ണി ജോസഫ് | മുരിങ്ങോടിയിൽ വിവാഹ ച്ചടങ്ങിനിടെയുണ്ടായ അതിക്രമം | മുഖ്യമന്ത്രി |
| 4 | ശ്രീമതി പി. അയിഷാ പോറ്റി | മീനാട് ശുദ്ധജലവിതരണപദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. അനൂപ് ജേക്കബ് | പിറവത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. ജെയിംസ് മാത്യു | കബനി പദ്ധതി | കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. മുല്ലക്കര രത്നാകരൻ | പാങ്ങോട്-ചിങ്ങോലി-ചടയമംഗലം റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. റോജി എം. ജോൺ | അങ്കമാലിയിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. സി. കമറുദ്ദീൻ | തലപ്പാടി മുതൽ പെർവാട് വരെയുള്ള ദേശീയപാത 66-ന്റെ നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ആർ. രാജേഷ് | വാലിൽ പട്ടികജാതി കോളനി യിലേക്കുള്ള വഴി | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>സമയം ദീർഘിപ്പിക്കുന്നതിനുള്ള പ്രമേയം:</u>

കൃഷിവകുപ്പുമന്ത്രി ശ്രീ. വി. എസ്. സുനിൽ കുമാർ 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുന്നതിനുള്ള സമയം 2019 നവംബർ 6-ാം തീയതി വരെ ദീർഘിപ്പിക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

<u>റിപ്പോർട്ടുകളുടെ സമർപ്പണം</u> :

(1) കൃഷി വകുപ്പുമന്ത്രിയും 2018-ലെ കേരള കർഷക ക്ഷേമനിധി ബില്ലിനെ സംബന്ധിച്ച സെലക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനുമായ ശ്രീ. വി. എസ്. സുനിൽ കുമാർ കമ്മിറ്റിയുടെ റിപ്പോർട്ട് സമർപ്പിച്ചു.

(2) തദ്ദേശസ്വയംഭരണവകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി IX-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. എ. സി. മൊയ്തീൻ 2019-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലിനെ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

(3) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയും സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനുമായ ശ്രീ. എ. കെ. ബാലൻ 2019-ലെ കേരള അങ്കണവാടി വർക്കർമാരുടെയും അങ്കണവാടി ഹെൽപ്പർമാരുടെയും ക്ഷേമനിധി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചു.

<u>നിയമനിർമ്മാണകാര്യം:</u>

(I) റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി ശ്രീ. ഇ. ചന്ദ്രശേഖരൻ 2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2019-ലെ കേരള കർഷക കടാശ്വാസ കമ്മീഷൻ (ഭേദഗതി) ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. പി. ഉബൈദുള്ള ചുമതലപ്പെടുത്തിയപ്രകാരം ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. ഇ. കെ. വിജയനും ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. കെ. യു. ജനീഷ് കുമാറും അവതരിപ്പിച്ചു സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണ പ്രമേയം സഭ തള്ളി. അവതരിപ്പിച്ചിരുന്ന ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് പ്രമേയം സഭ അംഗീകരിക്കുകയും ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

(2) ഉന്നതവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി ഡോ. കെ. ടി. ജലീൽ 2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ബിൽ അവതരിപ്പിക്കുകയും ചട്ടം 75(1) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തു വയ്ക്കുകയും ചെയ്തു. തുടർന്ന് പ്രസ്തുത ബിൽ സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയവും മന്ത്രി അവതരിപ്പിച്ചു.

2019-ലെ കേരള മദ്രസ്സാദ്ധ്യാപക ക്ഷേമനിധി ഓർഡിനൻസിനെ സംബന്ധിച്ച നിരാകരണപ്രമേയം ശ്രീ. അൻവർ സാദത്ത് അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. എൻ. ഷംസുദ്ദീൻ നിരാകരണപ്രമേയത്തെ പിന്താങ്ങി സംസാരിച്ചു. ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ശ്രീ. വി. പി. സജീന്ദ്രൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. സി. മമ്മൂട്ടി ഭേദഗതിയെ പിന്താങ്ങി സംസാരിച്ച്. ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന മറ്റൊരു ഭേദഗതി ശ്രീ. എസ്. ശർമ്മ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച് സംസാരിച്ചു. ശ്രീമതി ഇ. എസ്. ബിജിമോൾ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. മുഹമ്മദ് മുഹസിൻ പി. പ്രസ്തുത ഭേദഗതിയെ പിന്താങ്ങി സംസാരിച്ചു.

ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഓർഡിനൻസ് നിരാകരണപ്രമേയവും ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച ഭേദഗതിയും സഭ തള്ളി. ശ്രീ. കെ. വി. അബ്ദുൾ ഖാദർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് മന്ത്രി അവതരിപ്പിച്ച പ്രമേയം സഭ അംഗീകരിക്കുകയും ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IX-ന്റെ പരിഗണനയ്ക്ക് അയയ്ക്കുകയും ചെയ്തു.

2019 നവംബർ 7-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി വൈകിട്ട് 5.31-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

# FOURTEENTH KERALA LEGISLATIVE ASSEMBLY

Sixteenth Session

# BULLETIN—PART I

(Brief Record of Proceedings)

*Wednesday, November 6, 2019.*

**No. 189**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Adjournment Motion:*

After hearing the Chief Minister the Speaker withheld consent to the moving of an Adjournment motion given notice of by Shri P. J. Joseph and three other Members regarding the serious situation reported to have arisen consequent on the Government Order restricting construction activities in Idukki District.

*Calling Attention:*

(1) Shri Saji Cherian called the attention of the Minister for Co-operation, Tourism and Devaswoms to the necessity to declare Chengannur Town as Sabarimala pilgrimage gateway and enhance its infrastructure. The Minister made a statement thereto.

(2) Shri M. Ummer called the attention of the Chief Minister to take steps to prevent the reportedly increasing atrocities against children and to expeditiously conclude the trial of POCSO cases in the State. The Chief Minister made a statement thereto.

KNPP. 1300/2019(ii).

*The Matters under Rule 304*:

The matters raised in the House by the Members under Rule 304 are listed below:

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. രമേശ് ചെന്നിത്തല | മലയരയന്മാരുടെ കൈവശഭൂമിയുടെ പട്ടയം | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 2 | ശ്രീ. ബി. ഡി. ദേവസ്സി | കൊരട്ടിയിലെ ഗവ. ഓഫ് ഇന്ത്യ പ്രസ്സ് | മുഖ്യമന്ത്രി |
| 3 | ശ്രീ. സണ്ണി ജോസഫ് | മുരിങ്ങോടിയിൽ വിവാഹ ച്ചടങ്ങിനിടെയുണ്ടായ അതിക്രമം | മുഖ്യമന്ത്രി |
| 4 | ശ്രീമതി പി. അയിഷാ പോറ്റി | മീനാട് ശുദ്ധജലവിതരണപദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 5 | ശ്രീ. അനൂപ് ജേക്കബ് | പിറവത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് | ഗതാഗത വകുപ്പുമന്ത്രി |
| 6 | ശ്രീ. ജെയിംസ് മാത്യു | കബനി പദ്ധതി | കൃഷി വകുപ്പുമന്ത്രി |
| 7 | ശ്രീ. മുല്ലക്കര രത്നാകരൻ | പാങ്ങോട്-ചിങ്ങോലി-ചടയമംഗലം റോഡ് നിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 8 | ശ്രീ. റോജി എം. ജോൺ | അങ്കമാലിയിലെ പി.ഡബ്ല്യു.ഡി. റോഡുകളുടെ പുനർനിർമ്മാണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 9 | ശ്രീ. എം. സി. കമറുദ്ദീൻ | തലപ്പാടി മുതൽ പെർവാട് വരെയുള്ള ദേശീയപാത 66-ന്റെ നവീകരണം | പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി |
| 10 | ശ്രീ. ആർ. രാജേഷ് | വാലിൽ പട്ടികജാതി കോളനി യിലേക്കുള്ള വഴി | തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Motion for Extension of Time*:

Shri V. S. Sunil Kumar, Minister for Agriculture moved that the time for the presentation of the Report of the Select Committee on The Kerala Farmers' Welfare Fund Bill, 2018 be extended till November 6, 2019.

*Presentation of Reports*:

(1) Shri V. S. Sunil Kumar, Minister for Agriculture and Chairman, Select Committee on The Kerala Farmers' Welfare Fund Bill, 2018 presented the Report of the Committee.

(2) Shri A. C. Moideen, Minister for Local Self governments and Chairman, Subject Committee-IX presented the Report of the Committee on The Kerala Panchayat Raj (Amendment) Bill, 2019.

(3) Shri A. K. Balan, Minister for Welfare of Scheduled Castes, Scheduled Tribes, Backward Classes, Law, Culture and Parliamentary Affairs and Chairman, Subject Committee XIII presented the Report of the Committee on the Kerala Anganavadi Workers' and Anganavadi Helpers' Welfare Fund (Amendment) Bill, 2019.

*Legislative Business*:

(1) Shri E. Chandrasekharan, Minister for Revenue and Housing introduced The Kerala Farmers' Debt Relief Commission (Amendment) Bill, 2019 and laid the statement under rule 75(1). The Minister also moved that the Bill be referred to Subject Committee II.

Shri V. P. Sajeendran as authorised by Shri P. Ubaidulla moved the motion to disapprove The Kerala Farmers' Debt Relief Commission (Amendment) Bill, 2019 and spoke. Shri Eldose P. Kunnapillil seconded the motion and spoke. Shri E. K. Vijayan moved an amendment to circulate the Bill for eliciting public opinion and Shri K. U. Jenish Kumar moved another amendment for referring the Bill to a Select Committee and spoke.

After discussion and reply by the Minister the ordinance disapproval motion was declared lost. The motions moved were withdrawn by the leave of the House. Then the motion was adopted and the Bill was referred to Subject Committee II—Land Revenue and Devaswom.

(2) Dr. K. T. Jaleel, Minister for Higher Education and Minority Welfare introduced The Madrasa Teachers' Welfare Fund Bill, 2019 and laid the statement under rule 75(1). The Minister also moved that the Bill be referred to Subject Committee IX.

Shri Anwar Sadath moved the motion to disapprove The Madrasa Teachers' Welfare Fund Ordinance, 2019 and spoke. Shri N. Samsudheen seconded the motion and spoke. Shri P. Ubaidulla as authorised by Shri V. P. Sajeendran moved an amendment to circulate the Bill for eliciting public opinion and spoke. Shri C. Mammutty seconded the motion and spoke. Shri K. V. Abdul Khader as authorised by Shri S. Sarma moved another amendment for referring the Bill to a Select Committee and spoke. Shri. Muhammed Muhassin P. as authorised by Smt. E. S. Bijimol seconded the motion and spoke.

After discussion and reply by the Minister, the ordinance disapproval motion and the motion moved by Shri P. Ubaidulla were declared lost. The motion moved by Shri K. V. Abdul Khader was withdrawn by the leave of the House. The motion was adopted and the Bill was referred to Subject Committee IX—Local Administration, Rural Development and Housing.

The House adjourned at 5.31 p.m. to meet again at 9.00 a.m. on Thursday November 7, 2019.

S. V. Unnikrishnan Nair,
*Secretary.*